## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.12.2025**

### പ്രധാനവാർത്തകൾ

1. യുവാക്കളെ രാഷ്ട്രനിർമ്മാണത്തിന്റെ കേന്ദ്രബിന്ദുവാക്കിയാണ് സർക്കാർ പുതിയ നയങ്ങൾ രൂപീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സംസ്ഥാനത്ത് കോർപറേഷൻ , മുനിസിപ്പാലിറ്റി അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് തിരഞ്ഞെടുപ്പ് നാളെ.
3. മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ശബരിമല സന്നിധാനത്തെത്തി. മണ്ഡലപൂജ നാളെ.
4. ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തി നാളെയും തുടരും. പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പക്ഷി വളർത്തൽ നിരോധിച്ചു.
5. ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന്റെ അഞ്ചാം പതിപ്പിന് തുടക്കമായി. ഫെസ്റ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിക്കും.
6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി-20 പരമ്പരയിലെ മൂന്നാം മത്സരം അല്പസമയത്തിനകം തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആരംഭിക്കും.

RNU TVPM

**************************

## <u>രാഷ്ട്രപതി - ബാൽപുരസ്കാരം</u>

കുട്ടികളുടെ പ്രതിഭ രാജ്യത്തിന്റെ പുരോഗതിക്ക് അടിത്തറയേകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. പുരസ്കാരങ്ങൾ രാജ്യത്തുടനീളമുള്ള കുട്ടികൾക്ക് പ്രചോദനമേകുമെന്നും രാഷ്ട്രപതി പറഞ്ഞു. 20 കുട്ടികളെ ഈ വർഷം പുരസ്കാരത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള മുഹമ്മദ് സിദാൻ പുരസ്കാരത്തിന് അർഹനായി. ധീരത, കായികം, സാമൂഹിക സേവനം എന്നീ മേഖലകളിലെ മികച്ച പ്രകടനങ്ങൾക്കാണ് പുരസ്കാരം.

**************************

## <u>പ്രധാനമന്ത്രി - ബാൽ പുരസ്കാരം (ഇൻട്രോ)</u>

യുവാക്കളെ രാഷ്ട്രനിർമ്മാണത്തിന്റെ കേന്ദ്രബിന്ദുവാക്കിയാണ് സർക്കാർ പുതിയ നയങ്ങൾ രൂപീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വീർ ബാൽ ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

മേര യുവ ഭാരത് എന്ന സംരംഭത്തിന് കീഴിൽ യുവാക്കളുടെ നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. എല്ലാ മേഖലകളിലും യുവാക്കൾക്ക് പുതിയ അവസരങ്ങൾ തുറന്നിട്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി സൂചിപ്പിച്ചു .

**************************

RIU TVPM

## മേയർ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് പൂർത്തിയായി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നാളെയാണ്. തിരുവനന്തപുരത്ത് ബിജെപിയുടെ വി വി രാജേഷും കൊച്ചിയിൽ വി.കെ.മിനിമോളും മേയർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ആയി ആശനാഥ് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ആയി കോൺഗ്രസിൻറെ നിജി ജസ്റ്റിനും കണ്ണൂർ കോർപ്പറേഷനിൽ മേയറായി പി. ഇന്ദിരയും കൊല്ലത്ത് എ.കെ. ഹഫീസും മേയറായി ചുമതലയേറ്റു. കോഴിക്കോട് കോർപറേഷനിൽ മേയറായി ഒ.സദാശിവനും ഡെപ്യൂട്ടി മേയറായി എസ് ജയശ്രീയും ചുമതലയേറ്റു.

*************************

## മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനെ തുടർന്ന് മുനിസിപ്പാലിറ്റികളിലേക്കുള്ള അധ്യക്ഷ, ഉപാധ്യക്ഷ തെരഞ്ഞെടുപ്പും ഇന്ന് നടന്നു . **വിശദാംശങ്ങളിലേക്ക്.........**

**(വോയ്സ്)**

പാലാ നഗരസഭയുടെ ചെയർപേഴ്സണായി ദിയ പുളിക്കകണ്ടം ചുമതലയേറ്റു. യുഡിഎഫ് സ്ഥാനാർഥിയായ ദിയ 14 വോട്ടുകളാണ് നേടിയത്. രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ നഗരസഭാ അധ്യക്ഷരിൽ ഒരാളാണ് ദിയ. കണ്ണൂർ ശ്രീകണ്ഠപുരം നഗരസഭയിൽ യുഡിഎഫിലെ ഇ.വി.രാമകൃഷ്ണനെ ചെയർപേഴ്സൺ ആയി തിരഞ്ഞെടുത്തു. പെരിന്തൽമണ്ണ നഗരസഭയുടെ ചെയർ പേഴ്സൺ ആയി മുസ്ലീംലീഗിലെ സുരയ്യ

RNUTVPM

ഫാറൂഖ് തിരഞ്ഞെടുക്കപ്പെട്ടു. തളിപ്പറമ്പ് നഗരസഭാ ചെയർമാനായി പി.കെ.സുബൈറും കൂത്തുപറമ്പ് നഗരസഭയിൽ വി.ഷിജിത്തും തലശ്ശേരി നഗരസഭാ ചെയർമാനായി കാരായി ചന്ദ്രശേഖരനും ആന്തൂർ നഗരസഭയിൽ ചെയർപേഴ്സൺ ആയി വി. സതീദേവിയും പയ്യന്നൂർ നഗരസഭയിൽ സരിൻ ശശിയും തിരഞ്ഞെടുക്കപ്പെട്ടു. കൽപ്പറ്റയിൽ പി വിശ്വനാഥൻ 17 വോട്ട് നേടി ചെയർപേഴ്സൺ ആയി. പണിയ വിഭാഗത്തിൽ നിന്നുള്ള ആദ്യ ചെയർപേഴ്സൺ ആണ് അദ്ദേഹം. മലപ്പുറം നഗരസഭാ ചെയർപേഴ്സണായി റിനിഷ റഫീഖും കട്ടപ്പന നഗരസഭ അധ്യക്ഷനായി ജോയി വെട്ടിക്കുഴിയും തിരഞ്ഞെടുക്കപ്പെട്ടു. ന്യൂസ് ഡസ്ക്, ആകാശവാണി

**************************

## സൂക്ഷ്മ പരിശോധന-തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിലെ തിരഞ്ഞെടുപ്പിന് നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. മലപ്പുറം പായിപ്പാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. ജനുവരി 12 നാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണും.

RNU TVPM

**************************

## എസ്.ഐ.ആർ

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. കരടു പട്ടികയിൽ ഉൾപ്പെടാത്ത

ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

**************************

## തീവ്ര വോട്ടർ പട്ടിക-ഹെൽപ്പ് ഡെസ്കുകൾ

2025 ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരെ സഹായിക്കാൻ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. വില്ലേജ് ഓഫീസിൽ സൗകര്യമില്ലെങ്കിൽ തൊട്ടടുത്ത സർക്കാർ ഓഫീസുകളിൽ സൗകര്യമൊരുക്കും. ഇതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

RAJU TVPM

**************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........**

**(ബ്രേക്ക്)**

**************************

## ശബരിമല (ഇൻട്രോ)

മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ശബരിമല സന്നിധാനത്തെത്തി. നാളെ രാവിലെ 10.10നും 11.30ക്കും മധ്യേയാണ് മണ്ഡലപൂജ. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

**************************

## ബേപ്പൂർ - വാട്ടർ ഫെസ്റ്റ്

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന്റെ അഞ്ചാം പതിപ്പിന് തുടക്കമായി. ഫെസ്റ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിച്ചു. ഭക്ഷ്യമേള, അന്താരാഷ്ട്ര പട്ടം പറത്തൽ മത്സരം, മറ്റ് കലാ, സാംസ്കാരിക, സംഗീത പരിപാടികൾ തുടങ്ങിയവയും അരങ്ങേറും. സംസ്ഥാന വിനോദസഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും DTPC യും ചേർന്നാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

**************************

## ആലപ്പുഴ- പക്ഷിപ്പനി

ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തി നാളെയും തുടരും.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ.രവികുമാർ....**

**(വോയ്സ്)**

RNUTVPM

**************************

## വനിതാ ടി - 20

ഇന്ത്യ- ശ്രീലങ്ക വനിതാ ടി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ. രാത്രി ഏഴിനാണ് പോരാട്ടം. ചരിത്രത്തിൽ ആദ്യമായാണ് രാജ്യാന്തര വനിതാ ക്രിക്കറ്റ് മത്സരത്തിന് തിരുവനന്തപുരം വേദിയാകുന്നത്. 5 മത്സരങ്ങളടങ്ങിയ ഇന്ത്യ -ശ്രീലങ്ക വനിതാ ടി-

20 പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങളാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്നത്.

*************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് കൂടി അറിയിക്കാം.

*************************

PINU TVPM

## ഓഹരി, സ്വർണം

രാജ്യത്ത് ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. മുംബൈ ഓഹരി സൂചിക സെൻസെക്സ് 367 പോയിന്റ് നഷ്ടത്തിൽ 85,041 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 99 പോയിന്റ് നഷ്ടത്തിൽ 26,042 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 560 രൂപ കൂടി ഒരു ലക്ഷത്തി 2,680 രൂപയും ഗ്രാമിന് 70 രൂപ വർധിച്ച് 12,765 രൂപയുമാണ് ഇന്നത്തെ വില .

*******************************************************************************